## പതിനാലാം കേരള നിയമസഭ
## പതിനാൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.593** **03.03.2020-ൽ മറുപടിക്ക്**

## പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടത്തിയ ജനകീയ അദാലത്ത്

| | ചോദ്യം<br><br>ശ്രീ. കെ.ഡി. പ്രസേനൻ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടത്തിയ ജനകീയ അദാലത്തിൽ ലഭിച്ച പരാതികളെക്കുറിച്ച് വിശദീകരണം നൽകാമോ; | (എ) | പാലക്കാട് ജില്ലയിൽ നടത്തിയ അദാലത്തിൽ പ്രധാനമായും പുതിയ സർവ്വീസ് കണക്ഷനുമായി ബന്ധപ്പെട്ട പരാതികൾ, ലൈൻ/പോസ്റ്റ്/ ട്രാൻസ് ഫോർമർ മാറ്റി സ്ഥാപിക്കുന്നതും ഉപയോഗമില്ലാത്ത ലൈനുകളും കണക്ഷനുകളും അഴിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട പരാതികൾ, ബില്ലിംഗ് സംബന്ധിച്ച തർക്കങ്ങൾ, കേബിൾ ടി വി യുമായി ബന്ധപ്പെട്ട തർക്കങ്ങൾ, മരം മുറിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിലുള്ള തർക്കങ്ങൾ തുടങ്ങിയ പരാതികളാണ് ലഭിച്ചത്. പാലക്കാട് ജില്ലയിൽ ആകെ ലഭിച്ചത് 3169 പരാതികളാണ്. |
| (ബി) | വനം വകുപ്പിന്റെ തടസ്സംമൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള എത്ര പരാതികളാണ് പ്രസ്തുത അദാലത്തിൽ ലഭ്യമായത് എന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | വനം വകുപ്പിന്റെ തടസ്സം മൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭിച്ച പരാതികളുടെ എണ്ണം താഴെ ചേർക്കുന്നു. |

| ക്രമ നമ്പർ | നിയോജകമണ്ഡലം | പരാതികളുടെ എണ്ണം |
|---|---|---|
| 1 | നെന്മാറ | 2 |
| 2 | ആലത്തൂർ | 18 |
| 3 | മലമ്പുഴ | 1 |
| ആകെ | | 21 |

| | | | |
|---|---|---|---|
| (സി) | വനം വകുപ്പിന്റെ തടസ്സംമൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള പരാതികൾ പരിഹരിക്കുന്നതിന് ഉന്നതതലയോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) & (ഡി) | വനം വകുപ്പിന്റെ തടസ്സംമൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള പരാതികൾ പരിഹരിക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ഡി) | പ്രസ്തുത പരാതികളിന്മേൽ എന്നത്തേക്ക് തീർപ്പുകൽപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ